DESPATCHED
On... 08/06/2020
17·3·20.




## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP.1587*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.11464/*എസ്.ഐ.സി-ജി 6/19*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ. ഫ്രേനൽ ആർ.എസ്
ആർ.എസ്.നിവാസ്
വലിയവിള, വിരളി
ഉച്ചക്കട.പി.ഒ
പിൻ–695506 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
അസിസ്റ്റന്റ് ലേബർ ഓഫീസർ
തിരുവനന്തപുരം 1–ാം സർക്കിൾ
2. അപ്പീൽ അധികാരി,
ജില്ലാ ലേബർ ഓഫീസർ
തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.01.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05.02.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 22.02.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 22.03.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 05.07.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 05.07.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.10.2019 – കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിലെ മറുപടിയും

തൃപ്തികരമല്ലെന്നും, ടിയാൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും, പകർപ്പുകളും ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 11.01.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം, ചാലയിൽ പ്രവർത്തിക്കുന്ന പോൾരാജ് ആന്റ് കമ്പനി, ഭാരത് ട്രേഡേഴ്സ് എന്നീ സ്ഥാപനങ്ങളിൽ നടക്കുന്ന തൊഴിൽ നിയമലംഘനങ്ങളെക്കുറിച്ച് ഒരു പരാതി നൽകിയിരുന്നുവെന്നും ആയതിൻമേൽ ടി ഓഫീസിൽ നിന്നും സ്വീകരിച്ചിട്ടുള്ള നിയമനടപടികളുടെ എല്ലാ രേഖകളുമടങ്ങിയ ഫയൽ പരിശോധിക്കുന്നതിന് അനുവാദം നൽകണമെന്നാണ് ആവശ്യപ്പെട്ടിരുക്കുന്നത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 05.02.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ സ്ഥാപനത്തിന്റെ ജീവനക്കാരുടെ സ്വകാര്യത സംബന്ധിച്ച വിവരങ്ങളായതിനാൽ ഉടമയുടെയും ജീവനക്കാരുടെയും അനുമതിയോടെ മാത്രമേ നൽകാൻ കഴിയുള്ളുവെന്നും, അവരുടെ അഭിപ്രായം ആരാഞ്ഞതിൽ സ്വകാര്യതയെ സംബന്ധിക്കുന്ന വിവരങ്ങൾ വെളിപ്പെടുത്തരുതെന്ന് അറിയിച്ചുവെന്നും, ഫയലുകൾ നേരിട്ട് പരിശോധിക്കാൻ അനുമതി തരണമെന്ന് അപേക്ഷിച്ചതിൽ 21.05.2018 ന് ഹാജരാകാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ഹാജരായില്ലെന്നും പിന്നീട് ഡിസംബറിൽ ഫയൽ പൂർണ്ണമായും പരിശോധനയ്ക്ക് നൽകിയെന്നും ആയതിൽ സ്വകാര്യമായ വിവരങ്ങൾ നൽകാൻ കഴിയില്ലെന്ന് അറിയിച്ചിരുന്നുവെന്നും, വീണ്ടും പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതിനാൽ ജീവനക്കാരുടെയും സ്ഥാപന ഉടമയുടെയും സ്വകാര്യത സംബന്ധിച്ച് ഉള്ള വിഷയങ്ങളൊഴിച്ച് പരിശോധിക്കുവാൻ 11.02.2019 ന് അനുമതി നൽകുന്നുവെന്നുമാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 22.02.2019 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും ആവശ്യമായ രേഖകളുടെ പകർപ്പ് എടുക്കുന്നതിന് അനുവാദം നൽകണമെന്നുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 22.03.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷകനെ 22.03.2019 ന് നേരിട്ട് കേൾക്കുന്നതിനായി ക്ഷണിച്ചിരുന്നുവെന്നും, ഫയൽ പരിശോധിച്ചതിൽ ചില ഫയലുകൾ പരിശോധിക്കാൻ അവസരം നൽകിയതായും മറ്റ് ചിലവ വിവരാവകാശ നിയമം വകുപ്പ് 11 പ്രകാരം മൂന്നാം കക്ഷിയായ ടി സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്വകാര്യതസംബന്ധിക്കുന്ന രേഖകളായതിനാൽ അവരുടെ

അനുമതിയോടെ മാത്രമേ നൽകാൻ കഴിയുള്ളുവെന്ന് ഹർജിക്കാരനെ അറിയിക്കുകയും, ടിയാളുകൾ പരിശോധിക്കാൻ അനുമതി നൽകരുതെന്ന് എസ്.പി.ഐ.ഒ യ്ക്ക് മൊഴി നൽകിയ സാഹചര്യത്തിൽ ടി രേഖകൾ പരിശോധിക്കാൻ കഴിയില്ലെന്ന് എസ്.പി.ഐ.ഒ അറിയിച്ചിട്ടുണ്ടെന്നും, 18.03.2019 ന് എസ്.പി.ഐ.ഒ യെ നേരിട്ട് കേട്ട് വ്യക്തതവരുത്തുകയും ചെയ്തിരുന്നുവെന്നും, എസ്.പി.ഐ.ഒ നിഷേധിച്ച വിഷയങ്ങൾ പരിശോധിക്കാൻ അവസരം തരണമെന്നാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും, തങ്ങളുടെ അനുവാദമില്ലാതെ സ്വകാര്യതയെ സംബന്ധിക്കുന്ന വിഷയങ്ങൾ നൽകരുതെന്ന് മൂന്നാം കക്ഷികൾ രേഖാമൂലം മൊഴി നൽകിയിട്ടുണ്ടെന്നതിനാൽ രേഖകൾ നൽകാനാവില്ലെന്ന എസ്.പി.ഐ.ഒയുടെ നടപടി ശരിയാണെന്ന് ബോധ്യപ്പെട്ടതിനാൽ ടി അപ്പീൽ നിരസിച്ച് അപ്പീൽ തീർപ്പാക്കുന്നുവെന്നാണ്.

6. 01.10.2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമം വകുപ്പ് 11 പ്രകാരം മൂന്നാം കക്ഷിയായ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സ്വകാര്യത സംബന്ധിക്കുന്ന രേഖകൾ അനുവാദമില്ലാതെ നൽകരുതെന്ന മൂന്നാം കക്ഷികൾ രേഖാമൂലം മൊഴി നൽകിയിട്ടുണ്ടെന്നതിനാൽ രേഖകൾ നൽകാനാവില്ലെന്ന എസ്.പി.ഐ.ഒയുടെ നടപടി ശരിയാണെന്ന് ബോധ്യപ്പെടുന്നുവെന്നും ആയതിനാലാണ് രേഖകൾ നൽകാത്തതെന്നും, മൂന്നാം കക്ഷികൾ സമ്മതമല്ലെന്ന് സമർപ്പിച്ച കത്തുകൾ ഹാജരാക്കുന്നുവെന്നുമാണ്.

7. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന മസ്റ്റർ റോൾ, വേജസ് രജിസ്റ്റർ എന്നിവ പരിശോധിക്കുന്നതിനും പകർപ്പുകൾ എടുക്കുന്നതിനുള്ള അവസരം ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ എതിർകക്ഷികൾക്ക് നിർദ്ദേശം നൽകുന്നു. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM